പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6560 — 12.07.2012 ൽ മറുപടിയ്ക്ക്

## പത്തനംതിട്ട ജില്ലയിലെ വൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) പത്തനംതിട്ട ജില്ലയിൽ നിലവിലുള്ള വൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) പത്തനംതിട്ട ജില്ലയിൽ നിലവിലുള്ള വൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**ശബരിഗിരി ജലവൈദ്യുത പദ്ധതി.**<br>നിലവിൽ 280 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഈ പദ്ധതിയിലെ 60 മെഗാവാട്ട് ശേഷിയുള്ള നാലാം നമ്പർ മെഷീനിന്റെ (2008 ലെ പൊട്ടിത്തെറിയിൽ തകരാറിലായത്) പുനർനിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് സ്ഥാപിത ശേഷി 340 മെഗാവാട്ടായി ഉയരുന്നതാണ്.<br>**കക്കാട് ജലവൈദ്യുതി പദ്ധതി**<br>50 മെഗാവാട്ട് ശേഷിയുണ്ടെങ്കിലും സാങ്കേതിക കാരണങ്ങളാൽ പരമാവധി 38 മെഗാവാട്ട് മാത്രമേ ഉത്പാദിപ്പിക്കുവാൻ കഴിയുകയുള്ളൂ.<br>**റാന്നി പെരുനാട് ജലവൈദ്യുത പദ്ധതി.**<br>4 മെഗാവാട്ട് ശേഷി.<br><br>സ്വകാര്യ മേഖലയിലെ ഉള്ളുങ്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (ഐ.പി.പി)- (7 മെഗാവാട്ട് ).<br><br>മണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി (സി.പി.പി)-12 മെഗാവാട്ട്. |
| (ബി) നിലവിൽ ഏതൊക്കെ പദ്ധതികളാണ് നിർമ്മാണത്തിലുള്ളത്; | (ബി) വൈദ്യുതി ബോർഡിന് കീഴിൽ പത്തനംതിട്ട ജില്ലയിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്നത്<br>പെരുന്തേനരുവി (6 മെഗാവാട്ട്; 25.7 |

(....2)

ദശലക്ഷം യൂണിറ്റ് പ്രതിവർഷം) ചെറുകിട ജലവൈദ്യുത പദ്ധതിയാണ്.

സ്വകാര്യ മേഖലയിൽ IPP വിഭാഗത്തിലുള്ള 15MW -ന്റെ കാരിക്കയം പദ്ധതി- M/S Ayyappa Power Projects Limited ഉം നിർമ്മാണത്തിലാണ്.

(സി) ഓരോ പദ്ധതിയും എന്ന് കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പെരുന്തേനരുവി പദ്ധതി 2014 മാർച്ച് മാസത്തോടെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഏകദേശം 50 ഏക്കർ വരുന്ന വെള്ളം കെട്ടി നിർത്താനുള്ള പ്രദേശത്തിന്റെ സ്ഥലമെടുപ്പ് പൂർത്തിയാക്കുകയാണെങ്കിൽ കാരിക്കയം പദ്ധതിയുടെ ഒന്നാം ഘട്ടം (10.5 MW) നവംബർ 2012-ൽ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പൊതു സ്വകാര്യ മേഖലകളിലെ പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

(ഡി) വൈദ്യുതി ബോർഡിന്റെ പദ്ധതിയായ പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 02.03.2012 ൽ ആരംഭിച്ചു. തടയണ, പവർ ചാനൽ, ഫോർബേ എന്നിവയുടെ എക്സ്കവേഷൻ ജോലികൾ പുരോഗമിക്കുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള ഹൈപവർ കമ്മിറ്റി സ്വകാര്യ മേഖലയിലെ പദ്ധതികളുടെ നിർമ്മാണ പദ്ധതി വിലയിരുത്തി വരുന്നു.

സെക്ഷൻ ഓഫീസർ